**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6220**

**10/07/2012-ൽ മറുപടിക്ക്**

**കുടുംബശ്രീ മിഷന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി. ഗീതാ ഗോപി. | ഡോ. എം. കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കുടുംബശ്രീ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടെ ലഭ്യമായ വിഭവങ്ങളേയും സേവനങ്ങളേയും ആവശ്യാധിഷ്ഠിതമായി സമന്വയിപ്പിച്ചു കൊണ്ടും അയൽക്കൂട്ട സംവിധാനത്തിലൂടെ ഏകോപിപ്പിച്ചു കൊണ്ടും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ, ദാരിദ്ര്യത്തിന്റെ വിവിധ പ്രകടിത രൂപങ്ങളെയും ഭാവങ്ങളെയും ഇല്ലായ്മ ചെയ്തു കൊണ്ട് സംസ്ഥാനത്തെ കേവല ദാരിദ്ര്യം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുകയെന്നതാണ് കുടുംബശ്രീ മിഷന്റെ പ്രവർത്തന ലക്ഷ്യം. |
| (ബി) മിഷന്റെ കീഴിൽ എത്ര കുടുംബശ്രീ യൂണിറ്റുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കുടുംബശ്രീ മിഷന്റെ കീഴിൽ നിലവിൽ 2,13,476 കുടുംബശ്രീ അയൽക്കൂട്ട യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. |
| (സി) സംഘടനാ സംവിധാനം ശക്തിപ്പെടുത്താനും സാമൂഹിക വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കുടുംബശ്രീ മിഷന് ധന സഹായം നൽകാറുണ്ടോ ; എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യ വികസന പദ്ധതികൾക്കും, പ്രാദേശിക സാമ്പത്തിക വികസനത്തിനുമായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ കുടുംബശ്രീക്കായി 84.17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) കുടുംബശ്രീ മിഷന് സമാനമായി ഏതെല്ലാം സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ആണ് കുടുംബശ്രീ മിഷൻ. തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ സമാന സംഘടനകൾ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ